"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ക്ഷയ രോഗികൾക്ക് ഭക്ഷണകിറ്റ് നൽകുന്നതിന് വാർഷിക പദ്ധതിയുടെ ഭാഗമായി പ്രോജക്ട് ഏറ്റെടുക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.623/2025/LSGD തീയതി,തിരുവനന്തപുരം, 06-03-2025

---

പരാമർശം:-
1. സ.ഉ.(കൈ) നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ; തീയതി 19.04.2022
3. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 29.05.2024ലെ DHS/7054/2024-DHS-C നമ്പർ കത്ത്.

**ഉത്തരവ്**

2025 ഓടെ ക്ഷയരോഗമുക്ത കേരളം യാഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരോഗ്യ - തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ നേതൃത്വത്തിൽ ക്ഷയരോഗ മുക്ത പഞ്ചായത്ത് എന്ന പരിപാടി നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ക്ഷയരോഗചികിത്സ ഫലപ്രദമാവാനും മരുന്ന് കഴിക്കുമ്പോഴുള്ള അസ്വസ്ഥതകൾ കുറക്കാനും പോഷകാഹാരം വളരെ പ്രധാനമാണ്. എന്നാൽ ക്ഷയരോഗികൾക്ക് പോഷകാഹാരം നൽകാൻ പതിനാലാം പഞ്ചവത്സര പദ്ധതി പരാമർശം 1,2 മാർഗ്ഗരേഖകൾ അനുവദിക്കുന്നില്ല എന്നും അതിനാൽ 'ഗ്രാമപഞ്ചായത്തുകൾ, മുനിസിപാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയ്ക്ക് ചികിത്സയിലുള്ള ടി.ബി. രോഗികൾക്കായി ഒരു രോഗിക്ക് ഒരു മാസം 1200 രൂപ വരുന്ന ഭക്ഷണകിറ്റ് നൽകാവുന്നതാണ്" എന്നും, 'ടി.ബി. രോഗികൾക്ക് വേണ്ടിയുള്ള പോഷകാഹാര പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്" എന്ന് കൂട്ടിച്ചേർക്കൽ വരുത്തണമെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം 3 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ക്ഷയരോഗികൾക്ക് ആവശ്യമായ പോഷകാഹാരം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടത് അവരുടെ രോഗവിമുക്തിയെ ത്വരിതപ്പെടുത്തുന്നതിനും അതുവഴി ക്ഷയരോഗം ഇല്ലായ്മ ചെയ്യുന്നതിനും അത്യന്താപേക്ഷിതമാണ്. മരുന്ന് കഴിക്കുമ്പോഴുള്ള അസ്വസ്ഥതകൾ കുറയ്ക്കുന്നതിനും മെച്ചപ്പെട്ട ചികിത്സാ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും ഔഷധങ്ങളോടുള്ള രോഗിയുടെ പ്രതികരണശേഷി വർദ്ധിപ്പിക്കുന്നതിനും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രോഗികളുടെ ഉപജീവന വെല്ലുവിളികൾക്കുള്ള പിന്തുണ ഉറപ്പാക്കുന്നതിനും രോഗികളിലെ മരണ നിരക്ക് കുറയ്ക്കുന്നതിനും അവർക്ക് മതിയായ പോഷകാഹാരം ഉറപ്പാക്കേണ്ടതുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ചുവടെ പറയുന്ന നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ക്ഷയരോഗിയായ ഒരു ഗുണഭോക്താവിന്

പ്രതിമാസം പരമാവധി 1500/- രൂപ വിലവരുന്ന പോഷകാഹാരകിറ്റ് കുറഞ്ഞത് 6 മാസം മുതൽ പരമാവധി 21 മാസം വരെ നൽകുന്നതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും അനുമതി നൽകി ഉത്തരവാകുന്നു.

1. കേന്ദ്രസർക്കാരിന്റെ നിക്ഷയ് പോർട്ടലിലെ ഡാറ്റയിൽ ഉൾപ്പെട്ടിട്ടുള്ളതും പോഷകാഹാരം വാങ്ങുന്നതിന് നിക്ഷയ് പോർട്ടലിൽ സമ്മതം രേഖപ്പെടുത്തിയിട്ടുള്ളതുമായ ഗുണഭോക്താക്കൾക്കായിരിക്കണം പോഷകാഹാരകിറ്റ് നൽകേണ്ടത്. പോഷകാഹാര വിതരണത്തിൽ ഇരട്ടിപ്പ് ഉണ്ടാകാൻ പാടില്ല. പോഷകാഹാരം നൽകേണ്ട കാലാവധി സഹിതമുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമപഞ്ചായത്തുകളുടെ സംഗതിയിൽ ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറും, നഗരഭരണ സ്ഥാപനങ്ങളുടെ സംഗതിയിൽ ബന്ധപ്പെട്ട ജില്ലാ ടി.ബി. ഓഫീസറും എല്ലാ മാസവും 25-ാം തീയതിക്കകം യഥാക്രമം ഗ്രാമപഞ്ചായത്തിലെയും നഗരഭരണ സ്ഥാപനത്തിലേയും നിർവ്വഹണ ഉദ്യോഗസ്ഥന് നൽകേണ്ടതാണ്. പ്രസ്തുത ആനുകൂല്യം ലഭിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം അല്ലാതെ ഗുണഭോക്താക്കളുടെ പേരോ മറ്റ് വ്യക്തിപരമായ വിശദാംശങ്ങളോ ഗ്രാമസഭ/വാർഡ്സഭ/വാർഡ് കമ്മിറ്റിയിൽ അവതരിപ്പിക്കുവാൻ പാടുള്ളതല്ല.
2. പ്രോജക്ടിന്റെ നിർവ്വഹണചുമതല ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറിയിലും നഗരഭരണസ്ഥാപനങ്ങളിൽ യു.പി.എ പ്രോജക്ട് ഓഫീസറിലും നിക്ഷിപ്തമായിരിക്കും.
3. ഒരു രോഗിക്ക് ആറ് മാസത്തേക്കാണ് പോഷകാഹാര കിറ്റ് നൽകാവുന്നത്. രോഗവിമുക്തി ഉണ്ടാകാത്ത സാഹചര്യത്തിൽ ചികിത്സ കാലയളവ് നീണ്ട് പോകുന്ന സംഗതിയിൽ ഏതെങ്കിലും രോഗിക്ക് തുടർന്നും പോഷകാഹാരം അനുവദിക്കേണ്ടതുണ്ടെങ്കിൽ, മെഡിക്കൽ ഓഫീസറുടെ/ജില്ലാ ടി.ബി. ഓഫീസറുടെ ആവശ്യപ്രകാരം വീണ്ടും പതിനഞ്ച് മാസത്തേക്കോ അല്ലെങ്കിൽ ചികിത്സ അവസാനിക്കുന്നതുവരെയോ, ഏതാണോ കുറവ് ആ കാലയളവ് വരെ അവർക്ക് പോഷകാഹാര കിറ്റ് നൽകാവുന്നതാണ്.
4. പ്രതിമാസ പോഷകാഹാര കിറ്റിൽ ചുവടെ പറയുന്ന ഇനങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്.

| Sl No. | Particulars | Minimum Quantity |
|---|---|---|
| 1 | Brown Rice | 3 Kg |
| 2 | Wheat Flour | 2 Kg |
| 3 | Raggi Powder | 1 Kg |
| 4 | Urad Dhal | 500 gm |
| 5 | Green Gram | 600 gm |
| 6 | Skimmed Milk Powder | 500 gm |
| 7 | Coconut/Gingelly/Sunflower Oil | 500 ml |
| 8 | Ghee | 100 gm |
| 9 | Ground Nut | 500 gm |
| 10 | Cashew | 150 gm |
| 11 | Dates | 150 gm |
| 12 | Bengal Gram | 500 gm |

5. തദ്ദേശഭരണസ്ഥാപനത്തിൽ നിലവിലുള്ള രോഗികളുടെ എണ്ണത്തിനനുസരിച്ച് ആറു

മാസത്തേക്ക് ആവശ്യമുള്ള തുകയും, അതിന്റെ 25 ശതമാനവും ചേർന്ന തുക പദ്ധതി അടങ്കലായി നിശ്ചയിക്കാവുന്നതാണ്.

6. പൊതുവിഭാഗം വികസനഫണ്ട്/പതിനഞ്ചാം ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ്/തനത്ഫണ്ട് മുതലായവ പ്രസ്തുത പ്രോജക്ടിന്റെ നടത്തിപ്പിനായി വിനിയോഗിക്കാവുന്നതാണ്.
7. പോഷകാഹാര കിറ്റുകൾ സപ്ലൈകോയുടെ ഔട്ട്‌ലെറ്റുകളിൽ നിന്നോ കൺസ്യൂമർഫെഡ്ഡിന്റെ ഔട്ട്‌ലെറ്റുകളിൽ നിന്നോ വാങ്ങേണ്ടതാണ്. ഏതെങ്കിലും ഇനം പ്രസ്തുത ഔട്ട്‌ലെറ്റുകളിൽ ലഭ്യമല്ലെങ്കിൽ അവ വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ച് മറ്റിടങ്ങളിൽ നിന്നും വാങ്ങാവുന്നതാണ്.
8. ഇപ്രകാരം വാങ്ങുന്ന പോഷകാഹാര കിറ്റുകൾ ബന്ധപ്പെട്ട ആരോഗ്യസ്ഥാപനത്തിന് കൈമാറേണ്ടതും ആരോഗ്യസ്ഥാപനത്തിന്റെ മെഡിക്കൽ ഓഫീസർ അവ ആരോഗ്യ പ്രവർത്തകർ വഴി രോഗികൾക്ക് വിതരണം ചെയ്യേണ്ടതുമാണ്. പോഷകാഹാര കിറ്റ് രോഗികൾക്ക് വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട കൂടുതൽ നിർദ്ദേശങ്ങൾ ആരോഗ്യവകുപ്പ് ഡയറക്ടർ/ സ്റ്റേറ്റ് TB ഓഫീസർ ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർക്ക്/ ആരോഗ്യ പ്രവർത്തകർക്ക് നൽകേണ്ടതാണ്.
9. പ്രസ്തുത പരിപാടി, ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ തദ്ദേശഭരണസ്ഥാപനത്തിന്റെ നേതൃത്വത്തിൽ ബന്ധപ്പെട്ട ആരോഗ്യസ്ഥാപനം, ഒരു ജനകീയ ക്യാമ്പയിനായി നടത്തേണ്ടതും രോഗമുക്തിയുടെ പുരോഗതി നിശ്ചിത ഇടവേളകളിൽ വിലയിരുത്തേണ്ടതുമാണ്.
10. വരുമാന പരിധി പരിഗണിക്കാതെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ രോഗികൾക്കും പോഷകാഹാര കിറ്റ് നൽകാവുന്നതാണ്.
11. തദ്ദേശ ഭരണ സ്ഥാപനത്തിലെ ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസവും പരിപാടിയുടെ പുരോഗതി വിലയിരുത്തേണ്ടതാണ്.
12. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 01.02.2023 ലെ PAN/631/2023/J3(DP) നമ്പർ ഉത്തരവ് പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങളിലെ ക്ഷയരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ജില്ലാ നോഡൽ ഓഫീസറായി നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ എല്ലാ മാസവും നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് കൂട്ടി, സ്റ്റേറ്റ് ടി.ബി. സെല്ലിന്റെ പ്രതിനിധിയുടെ സാന്നിദ്ധ്യത്തിൽ പ്രസ്തുത പ്രോജക്ടുകളുടെ നിർവ്വഹണ പുരോഗതിയും ക്ഷയരോഗ വിമുക്ത കേരളം പരിപാടിയുടെ ലക്ഷ്യപൂർത്തീകരണവും വിലയിരുത്തേണ്ടതാണ്.
13. മേൽ നിർദ്ദേശങ്ങളിൽ പരാമർശിക്കാത്തതും പരിപാടിയുടെ സുഗമമായ നടത്തിപ്പിനാവശ്യവുമായ മറ്റ് നിർദ്ദേശങ്ങൾ ആരോഗ്യവകുപ്പ് ഡയറക്ടർ/സ്റ്റേറ്റ് ടി.ബി. ഓഫീസർ മെഡിക്കൽ ഓഫീസർമാർക്ക് നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും

4. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
5. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
6. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ, ആരോഗ്യ വകുപ്പ്
9. സ്റ്റേറ്റ് ടി.ബി. ഓഫീസർ, കേരളം
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാ കളക്ടർമാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
21. ആരോഗ്യ വകുപ്പ്
22. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 06-03-2025 16:21:23
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്